പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2819 28-10-2026-ൽ മറുപടിയ്ക്ക്

കടയ്ക്കൽ ഫിഷ് മാർക്കറ്റ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എം. നസീർ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കോസ്റ്റൽ ഏരിയ ഡെവലപ്മെൻറ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച കടയ്ക്കൽ ഫിഷ് മാർക്കറ്റ് നവീകരണ പ്രവർത്തനം പുരോഗതി വ്യക്തമാക്കാമോ;

മറുപടി: കടയ്ക്കൽ ഫിഷ് മാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ ഭാഗമായി ഫിഷ് മാർക്കറ്റ് കെട്ടിടങ്ങളുടെ സ്ട്രക്ചറൽ വർക്ക്, പ്ലാസ്റ്ററിംഗ് വർക്ക് എന്നിവ പൂർണമായും പൂർത്തീകരിച്ചു. മാർക്കറ്റ് ഏരിയായിലെ റൂഫിംഗ് ഷീറ്റ് പ്രവൃത്തികൾ, ഫ്ലോറിംഗ് എന്നിവ 50 ശതമാനത്തിലേറെ പൂർത്തീകരിച്ചു. മറ്റ് അനുബന്ധ ഫിനിഷിംഗ് വർക്കുകൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണത്തിലുണ്ടായ അശാസ്ത്രീയത പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: സാങ്കേതികാനുമതി എസ്റ്റിമേറ്റ് പ്രകാരം മേൽ കെട്ടിടത്തിന്റെ റൂഫിംഗിന് ബിറ്റുമിൻ ഷീറ്റും പോളികാർബണേറ്റ് ഷീറ്റുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ആർക്കിടെക്ചറൽ ഡിസൈൻ പ്രകാരമുള്ള റൂഫിന്റെ ആകൃതിക്ക് ബിറ്റുമിൻ ഷീറ്റ് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ആകൃതിക്ക് അനുയോജ്യമായ മറ്റൊരു ഷീറ്റ് (Aluzinc) ഇടാൻ തീരുമാനിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുവാൻ കരാറുകാരന് നിർദ്ദേശം നൽകി. പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. നിർമ്മാണവേളയിൽ വന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വന്നിട്ടുള്ളത്. ടി പ്രശ്നങ്ങൾ പരിശോധിച്ച് ആയതിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തി നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) കടയ്ക്കൽ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൈമാറിയിരുന്ന പ്രദേശത്ത് നിന്നും കോൺട്രാക്ടർക്ക് നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടം പരിഹാരം നൽകുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മറുപടി: ഉണ്ട്. കടയ്ക്കൽ ഫിഷ് മാർക്കറ്റിന്റെ സൈറ്റിൽ നിന്നും ഇലക്ട്രിക്കൽ മെറ്റീരിയൽസ് മോഷണം പോയതായി മനസ്സിലാക്കിയ കരാറുകാരൻ കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ടി പരാതിയിന്മേൽ എഫ്.ഐ.ആർ രേഖപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ